**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 427** **11-08-2021 - ൽ മറുപടിയ്ക്ക്**

**കൊവിഡ് ദുരന്ത നിവാരണ കമ്മീഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. പി. ടി. തോമസ് ,<br>ശ്രീ എം വിൻസെൻറ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കൊവിഡ് മൂലം എല്ലാ മേഖലകളിലും ഉണ്ടായിരിക്കുന്ന തളർച്ചയെക്കുറിച്ച് സർക്കാർ എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ 05.05.2020 തീയതിയിലെ സ.ഉ.(സാധാ) നം.2945/2020/ധന സർക്കാർ ഉത്തരവ് പ്രകാരം Expert Commitee to conduct study on the impact of Covid-19 and the consequence of lockdown on the different facets of public finance of the state, 14.05.2020 തീയതിയിലെ സ.ഉ.(സാധാ) നം.3032/2020/ധന സർക്കാർ ഉത്തരവ് പ്രകാരം Expert Committee on Rationalizing Revenue Expenditure എന്നീ രണ്ട വിദഗ്ധ സമിതികളെ നിയോഗിച്ചിരുന്നു. ഈ രണ്ട് സമിതികളും സർക്കാരിന് റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്.ഈ സമിതികളുടെ റിപ്പോർട്ടുകളിലെ ചെലവ് ചുരുക്കൽ നിർദ്ദേശങ്ങൾ പരിഗണിച്ച് 05.11.2020 ലെ സ.ഉ.(അ) നം.152/2020/ധന പ്രകാരം ധനദൃഢീകരണം സാധ്യമാക്കുന്ന വ്യയ നിയന്ത്രണ നിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് അനുബന്ധമായി ചേർത്തിട്ടുണ്ട്. 05.05.2020 ലെ സർക്കാർ ഉത്തരവ് പ്രകാരം നിയോഗിച്ച വിദഗ്ധ സമിതിയുടെ റിപ്പോർട്ടിലെ (COVID -19 Pandemic and Kerala: A Response Strategy) മറ്റു നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ച് വരികയാണ്. |
| (ബി) | പ്രസ്തുത വിഷയം പഠിച്ച് പരിഹാര നടപടികൾ സ്വീകരിക്കുന്നതിനായി കൊവിഡ് ദുരന്ത നിവാരണ കമ്മീഷൻ രൂപീകരിക്കാൻ തയ്യാറാകുമോ; | (ബി) | ഈ വിഷയം നിലവിൽ പരിഗണനയിലില്ല. |
| (സി) | കൊവിഡ് മൂലം കഷ്ടത്തിലായ ചെറുകിട വ്യാപാരികൾ, ജപ്തി ഭീഷണി നേരിടുന്നവർ, അസംഘടിത മേഖലയിലെ തൊഴിലാളികൾ എന്നിവർക്ക് ആശ്വാസം എത്തിക്കാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | കോവിഡ് മൂലം പ്രതിസന്ധിയിലായ വ്യാപാരി വ്യവസായി സമൂഹത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാർ സമഗ്രമായ നടപടികൾ സ്വീകരിച്ചു വരികയാണ്. സർക്കാർ നൽകുന്ന കടമുറികളുടെ വാടകയും അടഞ്ഞുകിടന്ന |

കാലത്തേക്കുള്ള വൈദ്യുതി ഫിക്സഡ് ചാർജ്ജും 2021 ഡിസംബർ 31 വരെ ഒഴിവാക്കിയിട്ടുണ്ട്. Micro, Small and Medium Enterprises-കളെ സഹായിക്കാനായി പലിശയിളവ് നൽകിവരുന്നു. പരമാവധി 6 മാസത്തേക്ക് വായ്പകൾക്ക് 30,000 മുതൽ 60,000 രൂപ വരെയാണ് ഇപ്രകാരം ഇളവ് അനുവദിക്കുന്നത്. വ്യവസായ ഭദ്രതാ പാക്കേജ് പ്രകാരം 2020 ഡിസംബർ 31 വരെയുള്ള പലിശ യിളവ് 2021 ഡിസംബർ 31 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. നിലവിലെ മാർഗ്ഗരേഖ പ്രകാരം ഒരു യൂണിറ്റിന് ലഭിക്കുന്ന സബ്സിഡി, പൊതു വിഭാഗങ്ങൾക്ക് 20 ലക്ഷത്തിൽ നിന്ന് 30 ലക്ഷമായി വർദ്ധിപ്പിച്ചു. പിന്നോക്ക ജില്ലകളിലെ വ്യവസായങ്ങൾക്ക് ഇത് 30 ലക്ഷത്തിൽ നിന്ന് 40 ലക്ഷമായി ഉയർത്തിയിട്ടുണ്ട്. നാനോ യൂണിറ്റുകൾക്കുള്ള സഹായത്തിന്റെ മൂലധന നിക്ഷേപ പരിധി 10 ലക്ഷമായി ഉയർത്തിയിട്ടുണ്ട്. സേവന മേഖലയിലെ യൂണിറ്റുകൾക്കും ഈ സഹായം ലഭിക്കും. വിവിധ ക്ഷേമനിധി ബോർഡുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികൾക്ക് സർക്കാർ സഹായത്തോടെ 1000 മുതൽ 3000 രൂപ വരെയും തനതു ഫണ്ടിലൂടെ 1000 മുതൽ 5000 രൂപ വരെയും കോവിഡിന്റെ ഒന്നാംഘട്ടത്തിൽ ധനസഹായം നൽകിയിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ 1000 രൂപ നിരക്കിലും ധനസഹായം അനുവദിച്ചിട്ടുണ്ട്. ജൂലൈ 30ന് പ്രഖ്യാപിച്ച അനുബന്ധ കോവിഡ് പാക്കേജ് പ്രകാരം 2 ലക്ഷം രൂപ വരെയുള്ള വായ്പകളുടെ 4 ശതമാനം വരെയുള്ള പലിശ സർക്കാർ ആറു മാസത്തേക്ക് വഹിക്കുന്നതാണ്. കേന്ദ്ര-സംസ്ഥാന ധനകാര്യ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, വാണിജ്യ ബാങ്കുകൾ എന്നിവയിൽ നിന്നും എടുക്കുന്ന 2000 കോടി രൂപ വരെയുള്ള വായ്പകൾക്ക് ഈ സഹായം ലഭ്യമാണ്. ഒരു ലക്ഷം ആളുകൾക്ക് ഇതിന്റെ ഗുണഫലം ലഭിക്കണമെന്ന് ലക്ഷ്യമിടുന്നു. സംസ്ഥാന ധനകാര്യ സ്ഥാപനമായ കെ.എഫ്.സി.യിൽ നിന്നും ലഭ്യമാക്കിട്ടുള്ള വായ്പകൾക്ക് ഡിസംബർ 31 വരെ മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. കെ.എസ്.എഫ്.ഇ ചിട്ടികൾക്ക് തവണകൾ അടക്കുന്നതിന് വീഴ്ചയുണ്ടായാൽ പിഴപ്പലിശ ഈടാക്കുന്നതല്ല.2000 കോടി രൂപയുടെ രണ്ടു പാക്കേജുകളും 5650 കോടി രൂപയുടെ അനുബന്ധ പാക്കേജുമാണ് കോവിഡ് മഹാമാരിയുടെ പ്രത്യാഘാതങ്ങൾ ലഘൂകരിക്കാൻ സർക്കാർ നടപ്പാക്കി വരുന്നത്. ഫെഡറൽ സംവിധാനത്തിൽ പരിമിതമായ സാമ്പത്തികാധികാരമുള്ള സംസ്ഥാന സർക്കാർ മാതൃകാപരമായ സമാശ്വാസ നടപടികളാണ്

| | | | |
|---|---|---|---|
| | | | കോവിഡ് മഹാമാരിയുടെ ഒന്നും , രണ്ടും തരംഗ ഘട്ടങ്ങളിൽ നടപ്പിലാക്കി വരുന്നത് |

സെക്ഷൻ ഓഫീസർ

ഭരണഭാഷ മാതൃഭാഷ

# കേരള സർക്കാർ

**സംഗ്രഹം**

കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ സംസ്ഥാന സർക്കാരിന്റെ റവന്യൂ ചെലവുകളും റവന്യൂ വരുമാനവും തമ്മിലുള്ള അന്തരം ക്രമാനുഗതമായി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഒഴിവാക്കപ്പെടേണ്ട ചെലവുകൾ കണ്ടെത്തി ചെലവ് ക്രമീകരണം സംബന്ധിച്ച് അവലോകനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് വിദഗ്ധ സമിതി രൂപീകരിച്ച് - ഉത്തരവാകുന്നു.

**ധനകാര്യ (രഹസ്യ) വകുപ്പ്**

**സ.ഉ.(സാധാ.) നം.3032/2020/ധന.** **തീയതി, തിരുവനന്തപുരം, 14.05.2020**

## ഉത്തരവ്

സംസ്ഥാന സർക്കാരിന്റെ റവന്യൂ ചെലവുകളും റവന്യൂ വരുമാനവും തമ്മിലുള്ള അന്തരം ക്രമാനുഗതമായി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ വരുമാനം വർദ്ധിപ്പിക്കേണ്ടതിന്റെയും ചെലവുകൾ ക്രമീകരിക്കേണ്ടതിന്റെയും ആവശ്യം ഉണ്ടായിരിക്കുകയാണ്. കോവിഡ്-19-ന് ശേഷമുള്ള ഘട്ടത്തിൽ സാമ്പത്തിക രംഗം ദേശീയതലത്തിലും സംസ്ഥാന തലത്തിലും വലിയ തിരിച്ചടി നേരിടുന്നുണ്ട്. വരുമാന വർദ്ധനയ്ക്കുള്ള സാധ്യതകൾ തൽക്കാലം വിഷമകരമാണ്. സാമൂഹ്യക്ഷേമ മേഖലകളിൽ വർദ്ധിച്ചുവരുന്ന, എന്നാൽ അനിവാര്യമായ ചെലവുകൾ നിർവ്വഹിക്കേണ്ടതുമുണ്ട്. ഈ സാഹചര്യത്തിൽ ഒഴിവാക്കപ്പെടേണ്ട ചെലവുകൾ കണ്ടെത്തി ചെലവ് ക്രമീകരണം നടത്തേണ്ടത് അടിയന്തിര ആവശ്യമാണ്.

സർക്കാർ വകുപ്പുകളുടേയും മറ്റ് സ്ഥാപനങ്ങളുടെയും കോർപ്പറേഷനുകളുടെയും ബോർഡുകളുടെയും കാര്യത്തിൽ ഉണ്ടാകുന്ന ചെലവ് ബാധ്യതകളെ അവലോകനം ചെയ്യാനും ഒഴിവാക്കപ്പെടേണ്ട ചെലവുകളെപ്പറ്റി സമഗ്രമായ നിർദ്ദേശങ്ങൾ നൽകാനും താഴെപ്പറയുന്നവരെ ഉൾപ്പെടുത്തി ഒരു വിദഗ്ധ സമിതി രൂപീകരിച്ചുത്തരവാകുന്നു.

1. പ്രൊഫ.സുനിൽ മാണി, ഡയറക്ടർ,
   സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസ്, — ചെയർ പെഴ്സൺ
   തിരുവനന്തപുരം
2. ശ്രീ.ആർ.കെ. സിംഗ് ഐ.എ.എസ്.
   അഡീഷണൽ ചീഫ് സെക്രട്ടറി, — കൺവീനർ
   ധനകാര്യ വകുപ്പ്
3. ശ്രീ.ബിശ്വനാഥ് സിൻഹ ഐ.എ.എസ്.
   പ്രിൻസിപ്പൽ സെക്രട്ടറി,
   പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമ വകുപ്പ്
4. ശ്രീ.സഞ്ജയ് കൗൾ ഐ.എ.എസ്.
   എക്സ്പെൻഡിച്ചർ സെക്രട്ടറി,
   ധനകാര്യ വകുപ്പ്
5. ശ്രീ.എം. ചന്ദ്രദാസ്, സെക്രട്ടറി,
   കേരള പബ്ലിക് എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റി — റിസോഴ്സ് പെഴ്സൺ

കമ്മിറ്റിയുടെ പരിഗണനാവിഷയങ്ങൾ താഴെപ്പറയുന്നവയായിരിക്കും.

1. സർക്കാർ വകുപ്പുകളിൽ ഒഴിവുകൾ നികത്തുന്ന രീതി
2. അന്യത്ര സേവനം അനുവദിക്കുന്ന രീതി
3. വർക്കിംഗ് അറേഞ്ച്മെന്റ് സംവിധാനം
4. അവധി ഒഴിവുകളിലെ നിയമന / പ്രമോഷൻ രീതി
5. ഓൺലൈൻ സേവനങ്ങൾ / ഇ-ഓഫീസ് സംവിധാനങ്ങൾ ഏർപ്പെടുത്തുമ്പോൾ ഒഴിവാക്കപ്പെടാവുന്ന ചെലവുകൾ
6. വകുപ്പുകളിലെ മറ്റ് ചെലവുകൾ എങ്ങനെ ക്രമീകരിക്കാം
7. വിവിധ കമ്മീഷനുകളുടെ / ബോർഡുകളുടെ / ക്ഷേമനിധികളുടെ ഓഫീസുകളുടെ ഏകോപന സാധ്യത
8. സർക്കാർ വാഹന ഉപയോഗത്തിലെ ക്രമീകരണം
9. സർക്കാർ ഓഫീസുകളുടെ സ്ഥലവിനിയോഗം ഫലപ്രദമാക്കി, വാടക ചെലവ് ചുരുക്കാൻ സാധിക്കുമോ ?
10. കോൺഫറൻസുകൾ, യോഗങ്ങൾ എന്നിവ പരമാവധി ചെലവ് ചുരുക്കി നടത്താനുള്ള സാധ്യത.
11. ജോലി ഭാരത്തിന്റെ അടിസ്ഥാനത്തിൽ പുനർവിന്യാസത്തിന്റെ സാധ്യത
12. മേൽപ്പറഞ്ഞ വിഷയങ്ങളുമായി ബന്ധപ്പെട്ട് കമ്മിറ്റിയ്ക്ക് പ്രസക്തമെന്ന് തോന്നുന്ന മറ്റ് വിഷയങ്ങൾ

കമ്മിറ്റി ദ്രുതപഠനം നടത്തി 2020 ജൂൺ 5-നകം ഒരു ഇടക്കാല റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. പൂർണ്ണ റിപ്പോർട്ട് 2020 ജൂൺ 30-ന് മുമ്പ് സമർപ്പിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**രാജേഷ് കുമാർ സിംഗ് ഐ.എ.എസ്.**

അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)

<u>പകർപ്പ് :-</u>

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (ജി &എസ്.എസ്.എ) കേരള, തിരുവനന്തപുരം
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.
4. ട്രഷറി ഡയറക്ടർ, ട്രഷറി ഡയറക്ടറേറ്റ്, തിരുവനന്തപുരം.
5. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ
6. ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്.
7. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
8. ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറി.
9. പൊതുഭരണ (എസ്.സി.) വകുപ്പ് (മന്ത്രിസഭാ തീരുമാനം ഇനം നമ്പർ - 3984 തീയതി 13.05.2020)
10. നോഡൽ ഓഫീസർ, www.finance.kerala.gov.in
11. ഓഫീസ് പകർപ്പ് / സൂക്ഷിപ്പ് ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**GOVERNMENT OF KERALA**

**Abstract**

Finance Department - Study on the impact of COVID-19 - Constitution of Expert Committee - Orders issued.

---

**FINANCE (PLANNING - A) DEPARTMENT**

**G.O.(Rt) No.2945/2020/Fin.** **Dated, Thiruvananthapuram, 05/05/2020**

---

**ORDER**

Covid-19 has severely disrupted livelihoods and economic activity all over the world. Consequent to the lockdown following the COVID-19 pandemic, economic activities in most sectors in Kerala have also come to a grinding halt. The unprecedented slowdown both in the formal and informal sectors has crippled the demand for goods and services, which in turn makes economic recovery even more challenging. Sharp contractions are already observed in the core sectors of the economy which point to the scale of damage that Covid-19 and the lockdown are inflicting. Thus, the situation that Government must face is a combination of unprecedented loss or reduction in employment, income and output coupled with severe shortfalls in its revenues.

2. It is the utmost priority of Government to develop a meaningful and effective strategy to lift the State out of this crisis and put it on a sustainable and resilient track of recovery. To this end, the Government of Kerala are pleased to constitute an Expert Committee which will conduct a study on the impact of Covid-19 and the consequent lockdown measures on the public finances of the State and on the various sectors of its economy.

3. The Terms of Reference of the Committee shall be the following:

1) Assess the impact on Revenues of the State:

   a) Loss to the Own Tax Revenues of the State in the immediate and short term and likely projection of Own Tax Revenue collections for the financial year 2020-21, considering specifically the impact on GST, Sales Tax from major items of goods and services

   b) Central transfers, especially tax devolution

   c) Non-Tax Revenue mobilisation

   d) Liquidity issues impacting the State's Treasury Management that Government is likely to face during the financial year 2020-21, and suggest specific and significant additional Revenue mobilisation measures.

2) Identify the impact of Covid-19 and the lockdown on selected key sectors of the economy that contribute the most to the State's Domestic Product.

3) Identify the likely impact on the State's economy, of the inflow of remittances from non-resident Keralites from abroad and other States and potential delays in their resumption of employment.

4) Identify the likely impact on various sectors of the economy in the event of a sharp outflow of migrant labour from other States.

5) Estimate the effect of additional expenditure obligations during the financial year 2020-21 on account of the recovery measures that must be initiated by Government.

6) Identify selective and significant measures for expenditure control.

7) Identify any specific issues that needs to be raised with the Government of India.

8) Any other matter of relevance.

4. The Committee shall have the following composition:

i. Dr. K.M. Abraham CFA, Former Chief Secretary to Government of Kerala
ii. Shri. Rajesh Kumar Singh IAS, Additional Chief Secretary (Finance) **[Convenor of the Committee]**
iii. Shri. R. Ramakumar, Member, Kerala State Planning Board

5. Government are pleased to nominate Dr. D. Shyjan, Head of Department of Economics, University of Calicut, Director, John Mathai Centre, Thrissur as special invitee to the Committee.

6. Government are also pleased to constitute an Expert Resource Group with the following members to assist the Committee in its work.

i. Dr. N. Ramalingam, Associate Professor, Gulati Institute of Taxation
ii. Dr. L. Anitha Kumary, Associate Professor, Gulati Institute of Taxation

7. The Committee may co-opt other expert members into the Expert Resource Group to contribute to the deliberations, as it deems fit. The Committee may hold discussions, if found necessary, with representative stakeholders from different sectors of the economy.

8. The Committee may submit its final report within three months. An interim report may be submitted within a month.

9. The Committee will function under the purview of Finance Department.

**(By Order of the Governor)**

**RAJESH KUMAR SINGH**
**ADDITIONAL CHIEF SECRETARY (FINANCE)**

To

The Principal Accountant General (A&E), Kerala,Thiruvananthapuram.

The Accountant General (G&SSA), Kerala,Thiruvananthapuram.
The Accountant General (E&RSA), Kerala, Thiruvananthapuram.
The Director of Treasuries, Thiruvananthapuram.
The Officials concerned.
The Nodal Officer, www.finance.kerala.gov.in.
Stock File/Office Copy.

Forwarded / By order

Section Officer

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**
**സംഗ്രഹം**

ധനകാര്യ വകുപ്പ് - കോവിഡ് - 19 -ന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി അവലോകനം ചെയ്യാൻ നിയോഗിച്ചിരുന്ന സമിതികളുടെ ശിപാർശകൾ പരിഗണിച്ച് ധനദൃഢീകരണം സാദ്ധ്യമാക്കുന്നതിന് ഉതകുന്ന വ്യയ നിയന്ത്രണ നിർദ്ദേശങ്ങൾ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (രഹസ്യ) വകുപ്പ്**

**സ.ഉ. (അ)നം. 152/2020/ധന. തീയതി, തിരുവനന്തപുരം, 05.11.2020.**

*പരാമർശം:- 1. സർക്കാർ ഉത്തരവ് (അ) നം. 42/2020/ധന. തീയതി 16/04/2020.*
*2. സർക്കാർ ഉത്തരവ് (അ) നം. 43/2020/ധന. തീയതി 17/04/2020.*
*3. സർക്കാർ ഉത്തരവ് (അ) നം. 94/2020/ധന. തീയതി 17/07/2020.*
*4. സർക്കാർ ഉത്തരവ് (അ) നം. 63/1992/ധന. തീയതി 10/01/1992.*

**ഉത്തരവ്**

കോവിഡ് – 19 ന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി അവലോകനം ചെയ്യാൻ സർക്കാർ നിയോഗിച്ച വിദഗ്ദ്ധ സമിതികളുടെ ശിപാർശകളുടെ അടിസ്ഥാനത്തിൽ ധനദൃഢീകരണം സാദ്ധ്യമാക്കുന്നതിന് ചുവടെച്ചേർക്കുന്ന വ്യയ നിയന്ത്രണ നിർദ്ദേശങ്ങൾ ഉടൻ പ്രാബല്യത്തിൽ നടപ്പാക്കി ഉത്തരവാകുന്നു:

1. പരാമർശം 1 മുതൽ 3 വരെയുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം നിലവിൽ മാറ്റി വച്ചിരിക്കുന്ന ലീവ് സറണ്ടർ ആനുകൂല്യം പി.എഫ് -ൽ ലയിപ്പിക്കേണ്ടതാണ് എന്ന വ്യവസ്ഥയിൽ 2020 നവംബർ മാസം മുതൽ അനുവദിക്കുന്നതാണ്. ഇപ്രകാരം ലയിപ്പിക്കുന്ന തുക 2021 ജൂൺ 1 മുതൽ മാത്രമേ പി.എഫ് -ൽ നിന്ന് പിൻവലിക്കാൻ അനുവദിക്കുകയുള്ളൂ. അടുത്ത സാമ്പത്തിക വർഷത്തെ എല്ലാ വിഭാഗം ജീവനക്കാരുടെയും ലീവ് സറണ്ടർ ആനുകൂല്യം 2021 ജൂൺ 1 മുതൽ മാത്രമേ അനുവദിക്കുകയുള്ളൂ. മേൽ ഉത്തരവുകൾ പ്രകാരം മാറ്റി വച്ചിരിക്കുന്ന ലീവ് സറണ്ടർ ആനുകൂല്യം പി.എഫ് ഇല്ലാത്ത ജീവനക്കാർക്ക് പണമായി പിൻവലിക്കാവുന്നതാണ്.

2. 20 വർഷം ശൂന്യവേതന അവധി എന്നുള്ളത് 5 വർഷമായി ചുരുക്കുന്നു. 5 വർഷത്തിനുശേഷം ജോലിക്ക് ഹാജരാകാതിരുന്നാൽ Deemed Resignation ആയി പരിഗണിക്കേണ്ടതാണ്. നിലവിൽ അവധി ദീർഘിപ്പിച്ച് ഉത്തരവ് ലഭിച്ചവരുടെ

കാര്യത്തിൽ ഇത് ബാധകമല്ല. ഇപ്പോൾ പരിഗണനയിലിരിക്കുന്ന 5 വർഷത്തിന് ശേഷമുള്ള അവധി അപേക്ഷകൾ ദീർഘിപ്പിച്ച് നൽകുന്ന കാര്യം പരിഗണിക്കുമ്പോൾ കോൺട്രാക്റ്റ് വ്യവസ്ഥ നിലനിൽക്കുന്ന കേസുകളിൽ അക്കാര്യവും കൂടി പരിഗണിച്ച് കൊണ്ടായിരിക്കണം ഉത്തരവ് പുറപ്പെടുവിക്കേണ്ടത്.

3. പരാമർശം 4 -ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഒരു ഉദ്യോഗസ്ഥൻ മൂന്ന് മാസത്തിന് മേൽ അവധിയെടുത്താൽ പ്രമോഷൻ നൽകി ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന സമ്പ്രദായം ഒഴിവാക്കുന്നു. അധിക ചുമതല നൽകി കൃത്യനിർവ്വഹണം നടത്തേണ്ടതാണ്.

4. അധ്യാപന സമയം ഒരാഴ്ചയിൽ കുറഞ്ഞത് പതിനാറു മണിക്കൂർ ഉണ്ടാകണം എന്ന മാനദണ്ഡത്തിലായിരിക്കണം കോളേജ് അധ്യാപകരുടെ പുതിയ തസ്തിക സൃഷ്ടിക്കുന്നതിന് 01.06.2020 പ്രാബല്യത്തിൽ അനുമതി നൽകേണ്ടത്. ഇതിനാവശ്യമായ നിയമ, ചട്ട ഭേദഗതികൾ ഉന്നത വിദ്യാഭ്യാസ വകുപ്പ് ഒരു മാസത്തിനകം കൈക്കൊള്ളേണ്ടതാണ്. 31.05.2020 വരെ നിയമപ്രകാരം സർക്കാർ ഉത്തരവിലൂടെ സർക്കാർ നോമിനി കൂടെ പങ്കെടുത്ത സെലക്ഷൻ കമ്മിറ്റി അംഗീകരിച്ച നിയമനങ്ങൾ, പി.എസ്.സി. നിയമന ശുപാർശ നൽകിയ തസ്തികകൾ എന്നിവ അംഗീകരിക്കാവുന്നതാണ്.

5. ഒരു കുട്ടിയുടെ എണ്ണം കൂടിയാൽ ഒരു അധിക തസ്തിക സൃഷ്ടിക്കുവാൻ കഴിയുന്ന ബന്ധപ്പെട്ട ചട്ടങ്ങളിലെ വ്യവസ്ഥ ഒഴിവാക്കുന്നു. സ്കൂളുകളിൽ അദ്ധ്യാപക തസ്തിക സൃഷിടിക്കുന്നതിനുള്ള അന്തിമാധികാരം സർക്കാരിനായിരിക്കും. എയ്ഡഡ് സകൂളുകളിൽ സൃഷ്ടിക്കുന്ന പുതിയ അധ്യാപക തസ്തികകളിൽ പ്രൊട്ടക്ടഡ് അദ്ധ്യാപകർക്കായിരിക്കും ഇനി മുതൽ ഒന്നാമത്തെ മുൻഗണന. ഇതിനാവശ്യമായ നിയമ, ചട്ട ഭേദഗതികൾ പൊതു വിദ്യാഭ്യാസ വകുപ്പ് ഒരു മാസത്തിനകം കൈക്കൊള്ളേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട പരാതികൾ ധനകാര്യ പരിശോധനാ വിഭാഗം പരിശോധന നടത്തേണ്ടതും അവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതുമാണ്.

6. കേന്ദ്രാവിഷ്കൃത പദ്ധതികളുൾപ്പെടെ പല പദ്ധതികളും പ്രവർത്തനം അവസാനിപ്പിച്ചിട്ടും പദ്ധതികൾക്കായി നിയമിച്ച ജീവനക്കാർ തുടരുന്ന സാഹചര്യങ്ങളിൽ പ്രസ്തുത ജീവനക്കാരുടെ വിവരങ്ങൾ കണ്ടെത്തി അധിക ജീവനക്കാരെ ആവശ്യമുള്ള വകുപ്പുകളിലേക്ക് പുനർവിന്യസിക്കേണ്ടതാണ്. ഇതു സംബന്ധിച്ച തുടർ നടപടികളടങ്ങിയ കരട് കുറിപ്പുകൾ അവയുടെ നിർവഹണ കലണ്ടർ ഉൾപ്പെടെ ഒരു മാസത്തിനുള്ളിൽ ഉദ്യോഗസ്ഥ-ഭരണ പരിഷ്കാര വകുപ്പും ബന്ധപ്പെട്ട വകുപ്പുകളുമായി കൂടിയാലോചിച്ചു തയ്യാറാക്കേണ്ടതാണ്.

7. ഫയലുകൾ കൈകാര്യം ചെയ്യുന്നതിന് ഇ-ഓഫീസ് സോഫ്റ്റ്വെയർ, കമ്പ്യൂട്ടർ സൗകര്യങ്ങൾ ഉപയോഗിച്ച് വരുന്ന ഓഫീസുകളിൽ അധികമായിട്ടുള്ള ടൈപ്പിസ്റ്റ് തസ്തികകൾ മറ്റു തസ്തികകളിലേക്ക് പുനർവിന്യസിക്കേണ്ടതാണ്. ഓഫീസ് അറ്റന്റന്റ് തസ്തികകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് മാറ്റണം. ഇതിനായി

ഉദ്യോഗസ്ഥ-ഭരണ പരിഷ്കാര വകുപ്പ്, ഐ ടി വകുപ്പുമായി ചേർന്ന് നിർവഹണ കലണ്ടർ ഉൾപ്പെടുന്ന കരട് നടപടിക്കുറിപ്പ് തയ്യാറാക്കേണ്ടതാണ്.

8. പൊതുമരാമത്തു, ജല വിഭവ വകുപ്പുകൾ, വാട്ടർ അതോറിറ്റി തുടങ്ങിയ വിവിധ സാങ്കേതിക വകുപ്പുകളിൽ/സ്ഥാപനങ്ങളിൽ കമ്പ്യൂട്ടർ പോലുള്ള കൂടുതൽ സാങ്കേതിക സൗകര്യങ്ങൾ ഉപയോഗിച്ച് വരുന്നതിനാൽ ഇപ്പോൾ ക്ലറിക്കൽ സ്റ്റാഫ് തയാറാക്കി വരുന്ന ബില്ലുകളും റിപ്പോർട്ടുകളും എസ്റ്റിമേറ്റുകളും തുടങ്ങി ഒട്ടേറെ പ്രവർത്തികൾ സാങ്കേതിക കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന ഇപ്പോഴുള്ള ജീവനക്കാർക്ക് തന്നെ ചെയ്യാവുന്നതാണ്. ഇങ്ങനെ സാങ്കേതിക വിഭാഗം ജീവനക്കാർക്ക് ചെയ്യാവുന്ന കാര്യങ്ങൾ തന്നെ ഇരട്ടിപ്പായി ചെയ്തുവരുന്ന ടൈപ്പിസ്റ്റ് തുടങ്ങിയ ക്ലറിക്കൽ സ്റ്റാഫിന്റെ എണ്ണം കണ്ടെത്തി മറ്റു വകുപ്പുകളിലേക്കോ സ്ഥാപനങ്ങളിലേക്കോ ഒരു മാസത്തിനുള്ളിൽ ബന്ധപ്പെട്ട വകുപ്പുകൾ പുനർവിന്യസിക്കേണ്ടതാണ്. ഇതിനായി ഉദ്യോഗസ്ഥ-ഭരണ പരിഷ്കാര വകുപ്പ് ബന്ധപ്പെട്ട വകുപ്പുകളുമായി കൂടിയാലോചിച്ചു നിർവഹണ കലണ്ടർ ഉൾപ്പെടുന്ന കരട് നടപടിക്കുറിപ്പ് തയ്യാറാക്കേണ്ടതാണ്.

9. ക്ഷേമനിധികൾ, കമ്മീഷനുകൾ, അതോറിറ്റികൾ, സൊസൈറ്റികളായി രൂപീകരിച്ചിട്ടുള്ള വിവിധ സ്ഥാപനങ്ങൾ തുടങ്ങി ഒരേ മേഖലയിൽ പൊതുവായി ഒരേ തരത്തിലുള്ള വികസന സേവന ഉദ്ദേശങ്ങൾക്കായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ സാങ്കേതികമായി പുനഃസംഘടിപ്പിച്ചു ഭരണ സേവന പ്രവർത്തനങ്ങളിലെ ഇരട്ടിപ്പ് ഒഴിവാക്കി കഴിയുന്നത്ര ഒറ്റ ഭരണ സംവിധാനങ്ങളാക്കി മാറ്റേണ്ടതാണ്. ഇക്കാര്യത്തിൽ തുടർ നടപടി നിർദേശങ്ങളടങ്ങിയ നിർവഹണ കലണ്ടർ ഉൾപ്പെടുന്ന കരട് കുറിപ്പുകൾ ഒരു മാസത്തിനുള്ളിൽ ആസൂത്രണ വകുപ്പും ഉദ്യോഗസ്ഥ -ഭരണ പരിഷ്കാര വകുപ്പും കൂടിയാലോചിച്ചു തയ്യാറാക്കേണ്ടതാണ്.

10. സ്റ്റാട്ട്യൂട്ടറി അല്ലാത്ത വിവിധ ജുഡീഷ്യൽ കമ്മീഷനുകളുടെ പ്രവർത്തനത്തിന് ഒരു ഏകോപിത ഓഫീസ് സംവിധാനം മതിയാകും. ഇതു സാധ്യമാക്കുന്നതിനുള്ള കരട് നടപടികൾ അവയുടെ നിർവഹണ കലണ്ടർ ഉൾപ്പെടെ ആഭ്യന്തര, നിയമ വകുപ്പുകൾ ഒരു മാസത്തിനുള്ളിൽ നിർദേശിക്കേണ്ടതാണ്.

11. സംസ്ഥാനത്തെ എല്ലാ സർക്കാർ വകുപ്പുകൾക്കും വിവിധ സ്ഥാപനങ്ങൾക്കും സ്വന്തമായിട്ടുള്ളതും വാടകയ്ക്ക് ഉപയോഗിക്കുന്നതുമായ വാഹനങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ ധനകാര്യ വകുപ്പിന്റെ വെബ് സൈറ്റിൽ ലഭ്യമായ "VEELS" എന്ന വെബ് അധിഷ്ഠിത വെഹിക്കിൾ മാനേജ്മെന്റ് സിസ്റ്റത്തിൽ രേഖപ്പെടുത്തേണ്ടതാണ്. അതിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഇനിമേൽ സർക്കാർ വാഹനങ്ങളുടെ വാങ്ങൽ, പരിപാലനം, വില്പന, അവയ്ക്കാവശ്യമായ ജീവനക്കാരുടെ നിയമനം, തസ്തിക സൃഷ്ടിക്കൽ എന്നിവ നടത്തുവാൻ പാടുള്ളൂ.

12. ഓരോ സർക്കാർ ഓഫീസിലെയും സ്ഥാപനത്തിലെയും ഈ സാമ്പത്തിക വർഷത്തിൽ ശേഷിക്കുന്ന മാസങ്ങളിലെ പദ്ധതി, പദ്ധതിയേതര ചെലവ് അവയുടെ പ്രതീക്ഷിത ലക്ഷ്യത്തിനായുള്ള വിനിയോഗക്ഷമതയുടെ അടിസ്ഥാനത്തിൽ

ചുരുക്കുന്നതിനുള്ള പ്രായോഗിക നിർദേശങ്ങൾ അവിടങ്ങളിലെ ഉദ്യോഗസ്ഥർക്ക് ധന വകുപ്പ് പ്രസിദ്ധീകരിക്കുന്ന നിശ്ചിത ഫോറത്തിൽ ഓൺലൈനായി അവരുടെ സ്ഥാപനമേധാവികൾക്കു സമർപ്പിക്കാവുന്നതാണ്. വകുപ്പ് മേധാവികൾ ഇവ പരിശോധിച്ച് ശ്രദ്ധേയവും പ്രായോഗികവുമായ പദ്ധതി നിർദേശങ്ങൾ സംസ്ഥാന ആസൂത്രണ ബോർഡ് മുഖേനയും അല്ലാതുള്ളവ ധനവകുപ്പിന് നേരിട്ടും സമർപ്പിക്കേണ്ടതാണ്. അവയിൽ നടപ്പാക്കപ്പെടുന്ന നിർദേശങ്ങൾ സമർപ്പിച്ചവരിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്നവർക്കു സംസ്ഥാന തലത്തിൽ പ്രത്യേക പാരിതോഷികം ധനവകുപ്പ് നൽകുന്നതാണ്.

13. വരുന്ന ഒരു വർഷക്കാലത്തേക്ക് സർക്കാർ കെട്ടിടങ്ങളുടെ മോടിപിടിപ്പിക്കൽ, സർക്കാർ സ്ഥാപനങ്ങളിലും ഓഫീസുകളിലും ഫർണിച്ചർ വാങ്ങൽ, വാഹനങ്ങൾ വാങ്ങൽ എന്നിവ അനുവദിക്കുന്നതല്ല.

14. ഔദ്യോഗിക ചർച്ചകൾ, യോഗങ്ങൾ, പരിശീലനങ്ങൾ, പണിപ്പുരകൾ, സംവാദങ്ങൾ തുടങ്ങിയ കൂടിച്ചേരലുകളെല്ലാം പരമാവധി ഓൺലൈൻ വീഡിയോ മാധ്യമങ്ങളിലൂടെ നടത്തേണ്ടതാണ്.

15. ഔദ്യോഗിക യാത്രാ ചെലവുകളുടെ വിവരങ്ങൾ സമർപ്പിക്കുന്നതിനും അനുവദനീയത പരിശോധിച്ചു പണം നൽകുന്നതിനും ഒരു ഏകീകൃത ഓൺലൈൻ സംവിധാനം സ്പാർക്കിന്റെ ഭാഗമായി ധനകാര്യ വകുപ്പ് രണ്ടു മാസത്തിനകം ഏർപ്പെടുത്തേണ്ടതാണ്.

16. ഓഫീസുകളിലും സ്ഥാപനങ്ങളിലും ഇനിയും സൂക്ഷിക്കേണ്ടതില്ലെന്നും പുനരുപയോഗിക്കാൻ കഴിയില്ലെന്നും ഉറപ്പു വരുത്തിയിട്ടുള്ള സാധനങ്ങൾ വരുന്ന മൂന്നു മാസത്തിനുള്ളിൽ ഓൺലൈനിലൂടെ ലേലം ചെയ്തു വിൽക്കുന്നതിനുള്ള നടപടികൾ സ്റ്റോഴ്സ് പർച്ചേസ് വകുപ്പ് കൈക്കൊള്ളേണ്ടതാണ്.

17. ഓഫീസുകളുടെയും സ്ഥാപനങ്ങളുടെയും കെട്ടിട സൗകര്യങ്ങളിൽ ഉപയോഗിക്കാതെ ശേഷിക്കുന്ന സ്ഥലം എത്രത്തോളം ഉണ്ടെന്നു കണ്ടെത്തി വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവയെ അവിടേക്കു മാറ്റുന്നതിനും കൂടുതൽ സ്ഥലം ആവശ്യമുള്ളവർക്കു നൽകുന്നതിനും വേണ്ട നിർവഹണ നിർദേശങ്ങൾ, വെബിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിൽ വിവര ശേഖരണം നടത്തി, രണ്ടു മാസത്തിനുള്ളിൽ പൊതുമരാമത്തു വകുപ്പ് തയാറാക്കേണ്ടതാണ്.

18. സർക്കാർ ഭൂമിയുടെ പാട്ടത്തുക അടിയന്തിരമായി പിരിച്ചെടുക്കാൻ മിഷൻ മോഡിൽ ടാസ്ക് ഫോഴ്സ് രൂപീകരിച്ച് പ്രവർത്തനം നടത്തേണ്ടതാണ്. ഭൂമിയുടെ കമ്പോളവില അനുസരിച്ച് വേണം പാട്ടത്തുക കണക്കാക്കേണ്ടത്. പൊതുമേഖലാ സ്ഥാപനങ്ങളും സർക്കാർ സ്ഥാപനങ്ങളും ഉപയോഗശൂന്യമായിട്ടിരിക്കുന്ന ഭൂമി തിരിച്ചുപിടിക്കാനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

19. മേൽ വിവരിച്ചിട്ടുള്ള നടപടികൾക്കൊപ്പം ഇപ്പോൾ നിലവിലുള്ള മറ്റെല്ലാ വ്യയ നിയന്ത്രണ നടപടികളും തുടരുന്നതാണ്.

20. മേൽ വിവരിച്ചിട്ടുള്ളതുൾപ്പെടെയുള്ള വ്യയ നിയന്ത്രണ നടപടികൾ എല്ലാ വകുപ്പിലും അവയുടെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലും കർശനമായി നടപ്പാക്കുന്നുവെന്നു നിരീക്ഷിക്കുന്നതിനും റിപ്പോർട്ട് (ഓൺലൈൻ) ചെയ്യുന്നതിനുമായി മേൽ പരാമർശിച്ചിട്ടുള്ള ഓരോ വകുപ്പിലും കുറഞ്ഞത് ഒരു വർഷത്തെയെങ്കിലും സേവന പരിചയം ഉള്ള ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തേണ്ടതും അവരുടെ മൊബൈൽ ഫോൺ നമ്പർ, ഇ-മെയിൽ വിലാസം എന്നീ വിവരങ്ങളടങ്ങിയ റിപ്പോർട്ട് ധനകാര്യ (വ്യയ) സെക്രട്ടറിക്കു ഇ - മെയിലായി രണ്ടാഴ്ചക്കകം അറിയിക്കേണ്ടതുമാണ്. പ്രസ്തുത റിപ്പോർട്ടുകളുടെ സംഗ്രഹത്തെ അടിസ്ഥാനമാക്കി ധനകാര്യ (വ്യയ) വകുപ്പ് മാസാന്ത്യ നടപടി കുറിപ്പുകൾ തയ്യാറാക്കേണ്ടതാണ്.

21. വകുപ്പുകളുടെയും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പ്രവൃത്തിയുടെയും വിതരണക്കാരുടെയും ബില്ലുകൾ നവംബർ 1 മുതൽ ബിൽ ഡിസ്കൗണ്ടിംഗ് സംവിധാനത്തിലേയ്ക്ക് മാറ്റേണ്ടതാണ്.

22. അധിക വായ്പയ്ക്ക് കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾ എല്ലാ വകുപ്പുകളും എത്രയും പെട്ടെന്ന് പാലിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**രാജേഷ് കുമാർ സിംഗ് ,**
**അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ് :-

അക്കൗണ്ടന്റ് ജനറൽ (എ & ഇ.) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-II.) കേരള, തിരുവനന്തപുരം.
എല്ലാ വകുപ്പ് / ഓഫീസ് തലവൻമാർക്കും.
നിയമം ഉൾപ്പെടെ സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും.
ട്രഷറി ഡയറക്ടർ, ട്രഷറി ഡയറക്ടറേറ്റ്, തിരുവനന്തപുരം.
സെക്രട്ടറി, കേരള പബ്ളിക് സർവ്വീസ് കമ്മിഷൻ, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.
രജിസ്ട്രാർ, കേരള സർവ്വകലാശാല / കൊച്ചി / കോഴിക്കോട് / മഹാത്മ ഗാന്ധി/ കണ്ണൂർ / കേരള കാർഷിക സർവ്വകലാശാല / ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല/മലയാളം സർവ്വകലാശാല/ആരോഗ്യ സർവ്വകലാശാല/ സാങ്കേതിക സർവ്വകലാശാല.
എല്ലാ സെക്രട്ടറിമാർക്കും, അഡീഷണൽ സെക്രട്ടറിമാർക്കും, ജോയിന്റ് സെക്രട്ടറിമാർക്കും, ഡെപ്യൂട്ടി സെക്രട്ടറിമാർക്കും, അണ്ടർ സെക്രട്ടറിമാർക്കും.
ഗവർണറുടെ സെക്രട്ടറി, മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി, മറ്റ് മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർ,
ചീഫ് വിപ്പിന്റെ പ്രൈവറ്റ് സെക്രട്ടറി, പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി.

സ്പീക്കറുടെ / ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി.
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ്.
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി.
എല്ലാ സർക്കാർ കമ്പനികളുടേയും / ബോർഡ് / കോർപ്പറേഷനുകൾ / പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ മാനേജിംഗ് ഡയറക്ടർ / ജനറൽ മാനേജർക്കും
നോഡൽ ഓഫീസർ, www.finance.kerala.gov.in
ഓഫീസ് പകർപ്പ് / സൂക്ഷിപ്പ് ഫയൽ (E. 1494909)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ